**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 195** **24-06-2024 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എ. രാജ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | പ്രകൃതി ദുരന്തങ്ങളിൽ വീടുകൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന കെയർ ഹോം പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരുന്നത്. അധികമായി വീടുകൾ നിർമ്മിച്ചു നൽകണമെന്ന റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ച് 2093 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. ആയതിൽ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന ഒരു വീടിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. വൈകി ലഭിച്ച ഗുണഭോക്തൃ പട്ടിക, പ്രതികൂല കാലാവസ്ഥ ഉൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങളാലാണ് ടി ഒരു വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ വൈകിയത്. കൂടാതെ, ജമ്മു കാശ്മീരിലെ പുൽവാമ ജില്ലയിൽ ഉണ്ടായ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ഹവിൽദാർ വി.വി. വസന്തകുമാറിന്റെ കുടുംബത്തിന് കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചു നൽകണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ പുത്തൂർവയലിൽ വീട് നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിച്ച് 10.02.2021 ന് വീടിന്റെ താക്കോൽ ദാനം നിർവ്വഹിച്ചിട്ടുണ്ട്.<br><br>2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td>
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>അനുവദിച്ച വീടുകളുടെ എണ്ണം</th><th>നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>75</td><td>74</td></tr>
<tr><td>2</td><td>കൊല്ലം</td><td>42</td><td>42</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>114</td><td>114</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>201</td><td>201</td></tr>
<tr><td>5</td><td>കോട്ടയം</td><td>83</td><td>83</td></tr>
<tr><td>6</td><td>ഇടുക്കി</td><td>213</td><td>213</td></tr>
<tr><td>7</td><td>എറണാകുളം</td><td>410</td><td>410</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>503</td><td>503</td></tr>
<tr><td>9</td><td>പാലക്കാട്</td><td>206</td><td>206</td></tr>
<tr><td>10</td><td>മലപ്പുറം</td><td>90</td><td>90</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>45</td><td>45</td></tr>
<tr><td>12</td><td>വയനാട്</td><td>84</td><td>84</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>20</td><td>20</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>7</td><td>7</td></tr>
</table>
പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കണ്ണാടി -2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റേയും കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉൾപ്പെട്ട 41 ആർ 5.05 സ്ക്വയർ മീറ്റർ സ്ഥലത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനസമുച്ചയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥലത്ത് 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു.
മറ്റ് ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
</td></tr>
<tr><td>(സി)</td><td>സാമൂഹിക പ്രതിബദ്ധതയിൽ അധിഷ്ഠിതമായി സഹകരണ മേഖല നടത്തിയ ഇത്തരം</td><td>(സി)</td><td>വിവിധ വകുപ്പുകളിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ നൽകിവരുന്ന SKOCH Governance Award ന്റെ 2022 വർഷത്തെ SKOCH order of merit എന്ന അവാർഡ് സഹകരണവകുപ്പ് നടപ്പാക്കിവരുന്ന കെയർഹോം പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ